LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗക്ഷമമല്ലാത്തതിനാൽ റാ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പമ്പ്ഹൗസ് പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. പാറ്റൂരിലെ 10 എം.എൽ.ഡി. ശുദ്ധീകരണശാലയുടെയും 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജല സംഭരണിയുടെയും നിർമ്മാണം പൂർത്തീകരിച്ചു ഇനി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പാലമേൽ താമരക്കുളം പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി ഭരണാനുമതി ലഭിച്ച 95 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റിന് പകരം 130 എച്ച്.പി. പമ്പ് സെറ്റ് ആവശ്യമായി വരും. ഇതുകൂടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതാണ്. ഘട്ടം രണ്ട് ഉൾപ്പെടെയുള്ള 5.2 കി.മീറ്റർ വരുന്ന 200 എം.എം. ഡി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൂർത്തീകരിച്ചു 8.25 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂജലസംഭരണി മെയിനും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ഒരു പ്രോജക്ട് സർക്കിൾ ആലപ്പുഴയിൽ ആരംഭിച്ചതിനെത്തുടർന്ന് മേൽപ്പടി പദ്ധതി കോട്ടയം പ്രോജക്ട് ഡിവിഷനിൽ നിന്ന് ആലപ്പുഴ പ്രോജക്ട് ഡിവിഷനിലേക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. ഈ പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ 95 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റിന് പകരം 109 എച്ച്.പി. ശേഷിയുള്ളതായതുകൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത്. ഏതായാലും ആറ് മാസംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

8. ഒറ്റപ്പാലം താലൂക്കാശുപത്രി

<u>ശ്രീ. എം. ഹംസ</u> : സർ, പാലക്കാട് ഒരു മെഡിക്കൽ കോളേജ് വന്നുകഴിഞ്ഞു. പാലക്കാട് ജില്ലാ ആസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ഒരു ആശുപത്രിയുണ്ട്. ഒറ്റപ്പാലം എന്നുപറയുന്നത് പാലക്കാട് ജില്ലയുടെ വളരെ പ്രധാനപ്പെട്ട ഹൃദയഭാഗമാണ്. ജില്ലയിലെ എല്ലാ മേഖലയിലുമുള്ള രോഗികൾക്ക് വരാനും ചികിത്സിക്കാനും പറ്റുന്ന സ്ഥലമാണിത്. എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രി കെട്ടിടവും അവിടെയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നാണ്. ഇനി പാലക്കാട് ജില്ലാ ആസ്ഥാനത്ത് ഒരു ജില്ലാ ആശുപത്രിയുടെ ആവശ്യമില്ല. ജില്ലാ ആശുപത്രികൾ മറ്റ് ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് മാറി ജില്ലാ ആശുപത്രികളായി പ്രഖ്യാപിച്ച അനുഭവവും കേരളത്തിലുണ്ട്. അതുകൊണ്ട് ആ മാതൃക സ്വീകരിച്ചുകൊണ്ട് ഒറ്റപ്പാലത്തെ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണം. ഒറ്റപ്പാലം താലൂക്ക് ആശുപത്രി അങ്ങ് വന്ന് കണ്ടിട്ടുള്ളതാണ്. നല്ല ആശുപത്രിയും നല്ല കെട്ടിടവുമാണെന്ന് അങ്ങേക്ക് അറിയാം. അവിടെ ജില്ലാ ആശുപത്രി പദവി നൽകി പ്രഖ്യാപനമുണ്ടാകണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഒറ്റപ്പാലം താലൂക്കാശുപത്രി 173 കിടക്കകൾ അനുവദിച്ചിട്ടുള്ള ആശുപത്രിയാണ്. പ്രതിദിനം ഒ.പി. 1000-ത്തോളവും ഐ.പി. 200-ഉം ആണ്. ഏകദേശം മൂന്നര ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സൗകര്യവുമുണ്ട്. മൂന്ന് ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു., എക്സ്റേ, ഇ.സി.ജി., ഫാർമസി, ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലബോറട്ടറി, ഡെന്റൽ യൂണിറ്റ്, ബി.പി. യൂണിറ്റ്, ലെപ്രസി യൂണിറ്റ്, ന്യൂ ബോൺ കെയർ യൂണിറ്റ്, ഐ.സി.റ്റി.സി. തുടങ്ങിയ വിഭാഗങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോ, പീഡിയാട്രിക്, ഒഫ്താൽമോളജി, റെസ്പിറേറ്ററി, ഡെന്റൽ, ഇ.എൻ.ടി., ത്വക്ക് രോഗം എന്നീ വിഭാഗങ്ങളുടെ സേവനവും ആശുപത്രിയിൽ നൽകി വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിനായി നിർമ്മിച്ചിട്ടുള്ള 45000 സ്ക്വയർഫീറ്റ് സ്ഥലസൗകര്യമുള്ള കെട്ടിടങ്ങൾ ഈ ആശുപത്രിയിൽ നിലവിലുണ്ട്. ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽ പാലക്കാട് ജില്ലാ ആശുപത്രി നിലവിലുണ്ടെങ്കിലും ഈ ആശുപത്രിയുടെ സൗകര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഗവൺമെന്റിന് ഇതുവരെ ലഭിച്ചിട്ടില്ല. തീർച്ചയായും പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ ഈ വിഷയം പരിശോധിക്കുന്നതാണ്.

9. ആരാധനാലയങ്ങൾക്കുനേരെയുള്ള കയ്യേറ്റം

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കഴിഞ്ഞ ദിവസം കൊടുങ്ങല്ലൂരിൽ ഡിവൈ.എഫ്.ഐ.-യുടെ മുൻ നേതാവ് ബിജുവിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് സി.പി.ഐ.(എം) ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ജാഥയ്ക്കു ശേഷം കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലേക്ക് കല്ലേറുണ്ടാവുകയും അതിനോടനുബന്ധിച്ച് അവിടെ അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകയും പോലീസ് ആകാശത്തേക്ക് വെടിവയ്ക്കുകയും ചെയ്തു. ഇതുകഴിഞ്ഞ് പിറ്റേദിവസം ബി.ജെ.പി. ഉൾപ്പെടെയുള്ള ഹിന്ദു ഐക്യവേദിയുടെ നേതൃത്വത്തിൽ ഹർത്താൽ നടത്തുകയുണ്ടായി. അത്തരത്തിലുള്ള സംഘർഷാവസ്ഥ കൊടുങ്ങല്ലൂരിൽ നിലനിൽക്കുകയാണ്. ആരാധനാലയങ്ങൾ രാഷ്ട്രീയപാർട്ടികളുടെയും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെയും താവളങ്ങളായി മാറാൻ പാടില്ല. അതോടൊപ്പം തന്നെ എന്ത് പ്രകോപനങ്ങൾ ഉണ്ടായാലും ആരാധനാലയങ്ങൾക്കു നേരെ ഉണ്ടാകുന്ന കയ്യേറ്റങ്ങളും ആക്രമണങ്ങളും കല്ലേറുകളും അനുവദിക്കാനും പാടില്ല. കൊടുങ്ങല്ലൂരിൽ ഇതിനുമുമ്പും നിരവധി കൊലപാതകങ്ങളും രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly